(ബി) ഉണ്ടെങ്കിൽ സ്റ്റേ ചെയ്യാനുള്ള കാരണമെന്ത്;

(സി) അകപിസിഷൻ നടപടി ത്വരിതപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗവൺമെന്റിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ നിവേദനത്തിൻമേൽ എന്തു നടപടി കൈക്കൊണ്ടു?

ഉത്തരം

(എ) ഉണ്ട്.

(ബി) കൃഷിക്കാരനായ സ്ഥലമുടമയ്ക്ക് ജീവിതമാർഗ്ഗമില്ലാതായി തീരുമെന്ന ഒരു നിവേദനത്തിന്റെ വെളിച്ചത്തിലാണ്.

(സി, ഡി) നിവേദനം ലഭിച്ചതായി കാണുന്നില്ല.

വാടക വർദ്ധനവ്

104 [308] ശ്രീ. തോപ്പിൽ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് ഒരു മാനദണ്ഡവുമില്ലാതെ വാടക വർദ്ധിപ്പിച്ചതുമൂലം തൃക്കടവൂർ പഞ്ചായത്തിന്റെ ഷോപ്പിംഗ് സെന്ററിൽ കച്ചവടം നടത്തുന്ന വ്യാപാരികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളെ സംബന്ധിച്ച് ഗവൺമെന്റിന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇപ്രകാരമൊരു നിവേദനം കിട്ടിയതായി കാണുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പാലക്കാട് വികസന അതോറിറ്റി

105 [310] ശ്രീ. ഇ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് വികസന അതോറിറ്റിയുടെ 1984-85-ലെ ആകെ ചെലവെത്ര;

(ബി) അതിൽ ശമ്പളം, യാത്രപ്പടി, വാടക എന്നീ ഇനങ്ങളിലെ ചെലവ് എത്ര?

ഉത്തരം

(എ) 5,44,139.52 രൂപ

(ബി) 1,67,399.00 രൂപ, 10,431.25 രൂപ, 22,176.00 രൂപ.

ശുദ്ധജല വിതരണ പദ്ധതികൾ

106 [311] ശ്രീ. കെ.പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകബാങ്കിന്റെ സഹായത്തോടുകൂടി ഈ വർഷം നടപ്പാക്കുന്ന ശുദ്ധജല വിതരണ പദ്ധതികൾ ഏതെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ പ്രവർത്തനം എത്രത്തോളമായി?

ഉത്തരം

(എ) ലോക ബാങ്കിന്റെ സഹായത്തോടുകൂടി ഈ വർഷം നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതിയുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

നമ്പർ	പദ്ധതിയുടെ വിവരങ്ങൾ	അടങ്കൽതുക (രൂപ കോടിയിൽ)
1.	പുത്തൻകുരിശും സമീപ പഞ്ചായത്തുകൾക്കുമുള്ള ശുദ്ധജലവിതരണ പദ്ധതി	3.820
2.	അടൂരിനും സമീപ പഞ്ചായത്തുകൾക്കും ഉള്ള ശുദ്ധജലവിതരണ പദ്ധതി	7.570
3.	ചിതറക്കും സമീപ പഞ്ചായത്തുകൾക്കും ഉള്ള ശുദ്ധജലവിതരണ പദ്ധതി	5.787
4.	കോട്ടയത്തെ 4 സബ് അർബൻ പഞ്ചായത്തുകൾക്കുള്ള ശുദ്ധജല വിതരണ പദ്ധതി	6.739
5.	വിളപ്പിൽ പഞ്ചായത്തിനുള്ള ശുദ്ധജല വിതരണ പദ്ധതി	1.321
6.	ഗ്രേറ്റർ കൊച്ചിൻ ഡവലപ്പ്മെന്റ് ഏരിയായിലെ 12 പഞ്ചായത്തുകൾക്കുള്ള ശുദ്ധജല വിതരണ പദ്ധതി	31.007
7.	കൊല്ലം മുനിസിപ്പൽ ടൗൺ ശുദ്ധജലവിതരണ പദ്ധതിയുടെ വികസനവും 6 സബർബൻ പഞ്ചായത്തുകൾക്കുള്ള ശുദ്ധജല വിതരണ പദ്ധതിയും	20.081
8.	10 മുനിസിപ്പൽ ടൗണുകൾക്കുള്ള ലോ_കോസ്റ്റ് സാനിറേഷൻ സ്കീം	5.126
9.	പഞ്ചായത്തുകൾക്കായുള്ള ലോ_കോസ്റ്റ് സാനിറേഷൻ സ്കീം	5.000
10.	കോമൺ സർവ്വീസ്	3.057
11.	മറ്റ് ചെലവുകൾ	4.030
12.	നിർമ്മാണ സമയത്തെ പലിശ	3.574
	ആകെ	97.111

മേൽപ്പറഞ്ഞ പദ്ധതികൾക്ക് ലോകബാങ്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) ഈ പദ്ധതികളുടെ കരാർ ഉടൻതന്നെ ഒപ്പ് വയ്ക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതികളുടെ പ്രാരംഭ പ്രവർത്തനമാരംഭിച്ചുകഴിഞ്ഞു. പദ്ധതികൾക്കായുള്ള സ്ഥലമെടുപ്പ്, വിവിധ ജോലികൾക്കുള്ള ടെൻഡർ തയ്യാർ ചെയ്യൽ, പദ്ധതികളും വിശദമായ ഡിസൈൻജോലികൾ, വിശദവിവരങ്ങളടങ്ങുന്ന എസ്റ്റിമേറ്റ് തയ്യാറാക്കൽ തുടങ്ങിയ പ്രവർത്തനങ്ങളും ത്വരിതഗതിയിൽ നടന്നുവരുന്നു. കരാർ ഒപ്പ് വച്ചാലുടൻതന്നെ പദ്ധതി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly